# കവിയുടെ മാമ്പൂ

എം. എൻ. കാരശ്ശേരി



കവിയുടെ മാമ്പൂ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Mango Tree in Full Bloom, a photograph by Nahid Hossain. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കവിയുടെ മാമ്പൂ

ആയിരത്തൊള്ളായിരത്തി എഴുപത്തിനാല് ഫെബ്രുവരി ഇരുപത്തി രണ്ട്.

വെള്ളിയാഴ്ച രാവിലെ പത്തുമണി.

സമസ്തകേരളസാഹിത്യപരിഷത്തിന്റെ മുപ്പത്തിനാലാം സമ്മേളനം കാസ്രക്കോട്ട് ഉബൈദുനഗറിൽ ആരംഭിക്കുകയാണ്.

ഉദ്ഘാടന സമ്മേളനം.

ജരാസന്ധൻ എന്ന പേരിൽ പ്രഖ്യാതനായ ചാരുചന്ദ്രചക്രവർത്തിയാണ് ഉദ്ഘാടകൻ.



സി. പി. ശ്രീധരൻ

അതിഥികളെ പരിചയപ്പെടുത്തിയ സി. പി. ശ്രീധരൻ നേരത്തെ പറഞ്ഞുവെച്ചു: "മുഖ്യാതിഥി ജരാസന്ധനെ ബംഗാളിൽ നിന്ന് ഇവിടെ കൊണ്ടുവരാൻ സംഘാടകർക്കു കഴിഞ്ഞിട്ടുണ്ട്. ആശംസാപ്രസംഗം നടത്തേണ്ട മഹാകവി പി. കുഞ്ഞിരാമൻ നായർ ഇവിടേയ്ക്കടുത്ത കാഞ്ഞങ്ങാട് സ്വദേശിയാണെങ്കിലും അദ്ദേഹം ഇനിയും ഇവിടെ എത്തിച്ചേർന്നിട്ടില്ല. ചടങ്ങ് തീരുമുമ്പ് വന്നെത്തുമെന്ന് പ്രതീക്ഷിക്കുന്നു."

സഹജമായ യാത്രയുടെ ഏതോ തിരിവിൽവെച്ച മഹാകവിയുടെ ഓർമ്മയിൽ നിന്ന് കാസ്രക്കോട് പരിഷത്ത് വീണുപോയിരിക്കുമെന്ന് കേട്ടിരുന്നവർ കരുതി.

ജരാസന്ധന്റെ ഉദ്ഘാടനപ്രസംഗം കഴിഞ്ഞു.



പ്രൊഫ. സുകുമാർ അഴീക്കോട്

ചടങ്ങ് നിയന്ത്രിച്ചുകൊണ്ടിരുന്ന പരിഷദദ്ധ്യക്ഷൻ പ്രൊഫ. സുകുമാർ അഴീക്കോട് എഴുന്നേറ്റു:

"അടുത്ത ഇനം ശ്രീ. പി. കുഞ്ഞിരാമൻനായരുടെ ആശംസാ പ്രസംഗമാണ്. അദ്ദേഹം ഈ ശബ്ദം കേൾക്കുന്നിടത്ത് എവിടെയെങ്കിലും ഉണ്ടെങ്കിൽ ദയവുചെയ്ത് ഈ വേദിയിലേക്കു വരണം."

ഗൗരവം കലർന്ന സ്വതസ്സിദ്ധമായ ആ നർമ്മരസത്തിൽ പ്രൊഫ. അഴീക്കോട് നിർത്തി.

കേട്ടിരുന്നവർ നാലുപാടും നോക്കി.

ആ തിങ്ങിനിറഞ്ഞ സദസ്സിന്റെ മൂലയിലൂടെ, അതാ ഒരാൾ വേദിയിലേക്കു നടന്നുപോകുന്നു.

നീണ്ട ജൂബ്ബ.

അലസമായി വലിച്ചുകുത്തിയുടുത്ത ഖദർമുണ്ട്.

തോളിൽ ഇരുവശത്തേക്കും തൂങ്ങിക്കിടക്കാറുള്ള ആ ഖദർവേഷ്ടി അരയ്ക്കു കെട്ടിയിട്ടുണ്ട്.

കൈകളിൽ ഒരു കുല മാമ്പൂ ആദരപൂർവ്വം പിടിച്ചിരിക്കുന്നു.

മഹാകവി പി!

സദസ്സ് കൈയടിച്ചു.

കവി അതൊന്നും ശ്രദ്ധിക്കുന്നില്ല. ഒരു സദസ്സിലൂടെ നടന്നുനീങ്ങുകയാണെന്നുപോലും അദ്ദേഹം അറിയുന്നില്ല. ഏതോ പൂജാദ്രവ്യങ്ങളുമായി ഭഗവദ്സന്നിധിയിലേക്കു പോകുന്ന ഭക്തന്റെ ഭാവമാണ് ആ മുഖത്ത്.

അദ്ദേഹം വേദിയിൽ കയറുകയാണ്.

ജരാസന്ധനും പ്രൊഫ അഴീക്കോടുമൊക്കെ അതുതന്നെ നോക്കിയിരുന്നു.

സദസ്സ് നിശ്ശബ്ദം.

കുഞ്ഞിരാമൻ നായർ നടന്ന് ജരാസന്ധന്റെ മുന്നിലെത്തി. കൈയിൽ കരുതിയിരുന്ന മാമ്പൂ ഭക്ത്യാദരപൂർവ്വം ജരാസന്ധനു കൊടുത്തു.

ജരാസന്ധൻ എഴുന്നേറ്റുനിന്ന് രണ്ട് കയ്യും നീട്ടി അതു സ്വീകരിച്ചു.



പി. കുഞ്ഞിരാമൻ നായർ

സദസ്സ് അദ്ഭുതസ്തബ്ധമായി നോക്കിയിരിക്കെ, മഹാകവി ജരാസന്ധന്റെ കാൽ തൊട്ടുവന്ദിച്ചു. ജരാസന്ധൻ നിന്നു വിഷമിക്കുകയായിരുന്നു. അദ്ദേഹം തടഞ്ഞു. കവി കൂട്ടാക്കിയില്ല.

ചുറ്റും ആളുണ്ടെന്ന യാതൊരു കൂട്ടവുമില്ലാതെ കുഞ്ഞിരാമൻ നായർ കളിക്കൂട്ടുകാരനെ എന്നപോലെ ജരാസന്ധനെ തോളിലൂടെ കൈയിട്ട് കെട്ടിപ്പിടിച്ചു. അദ്ദേഹത്തിന്റെ കവിളിൽ മുത്തി. ഇരുതോളും സ്വന്തം തോളോടും ചേർത്തു.

മുഖത്തൊരു പുഞ്ചിരി വരുത്തി ജരാസന്ധൻ ആ സ്നേഹപ്രകടനത്തിൽ നിന്ന് വല്ലപാടും 'രക്ഷപ്പെട്ടു'. നിലത്തുർന്നുവീണ വേഷ്ടി കുനിഞ്ഞെടുത്ത് കുഞ്ഞിരാമൻ നായർ മൈക്കിനടുത്തേക്കു നടന്നു.

കവി നിറഞ്ഞ കണ്ണു തുടച്ചു.

ആ അടക്കമില്ലാത്ത രീതിയിൽ കുഞ്ഞിരാമൻ നായർ പറഞ്ഞു തുടങ്ങി. മുമ്പെപ്പോഴും എന്നപോലെ അന്നും ഔപചാരികമായ തുടക്കങ്ങളൊന്നുമില്ല:

"ഞാൻ വന്നത് പരിഷത്തിൽ പ്രസംഗിക്കാനല്ല. ഇതാ, ഈ മഹാനുഭാവനെ കാണാനാണ്."

നിർത്തിയിട്ട്, കണ്ണടക്ക് മുകളിലൂടെ പതിവുള്ള ആ നോട്ടം നോക്കി. പല്ലില്ലാത്ത വായിൽനിന്നു ഉച്ചാരണത്തിന്റെ വ്യത്യസ്തതയോടെ വാക്കുകൾ ചിതറിവീണു:

"ഇദ്ദേഹത്തെ കണ്ടാൽ പുണ്യം കിട്ടും. ഇദ്ദേഹം വംഗദേശത്തു ജനിച്ചു. മുലപ്പാലിനൊപ്പം വംഗഭാഷ നുകർന്നു വലുതായി; വംഗഭാഷയിൽ എഴുതി പ്രസിദ്ധനായി. മാതൃഭാഷ പോലെ എനിക്ക് പൂജ്യമായ വംഗഭാഷയിലെ ഈ മഹാസാഹിത്യകാരനെ കാണാൻ വരുമ്പോൾ എന്താണ് കൊണ്ടുവരേണ്ടത് എന്ന കാര്യം എന്നെ കുഴക്കി. ഒടുക്കം ഒരു സംസ്കാരികനായകനു മുമ്പിൽ കേരളീയനു കാഴ്ചവെക്കാനുള്ളത് മാമ്പൂവാണ് എന്നു ഞാൻ തീർച്ചയാക്കി. പുതുമ മങ്ങാത്ത ഒരു കുല മാമ്പൂ സമ്പാദിക്കാൻ പോയതുകൊണ്ടാണ് ഈ ചടങ്ങിൽ എത്തിച്ചേരാൻ ഞാനല്പം വൈകിപ്പോയത്."

സദസ്സ് ആഹ്ലാദപൂർവ്വം കൈയടിച്ചു.

കവിയുടെ പ്രസംഗം ജരാസന്ധൻ എന്ന പേരിനെക്കുറിച്ചായി:

"ഇത്ര സുന്ദരനും നല്ലവനുമായ ഒരാൾക്ക് ജരാസന്ധൻ എന്നു പേരിട്ടതാര്? ചാരുചന്ദ്രചക്രവർത്തി എന്ന പേര്, ഇദ്ദേഹത്തെ കണ്ടു കൺകുളിർത്ത് അമ്മ വിളിച്ചതാവണം. ജീവിതത്തിന്റെ ചാരുതയിൽ അടങ്ങിയ പൊള്ളത്തരം മനസ്സിലാക്കി ഈ മഹാസാഹിത്യകാരൻ തന്നെയാകാം, ജരാസന്ധൻ എന്നു പേരു മാറ്റിയത്. എങ്കിലും ഇദ്ദേഹത്തെ ചാരുചന്ദ്രനായിട്ടേ ഞാൻ മനസ്സിലാക്കൂ."

അതും പറഞ്ഞ് കണ്ണടച്ചില്ലിനു മുകളിലൂടെ ആ കള്ളനോട്ടം നോക്കി; പതിവിൻപടി കള്ളച്ചിരി ചിരിച്ചു.

സദസിൽ ചിരി മുഴങ്ങി. കാര്യം മനസ്സിലായിട്ടോ എന്തോ, ജരാസന്ധനും കലുങ്ങിച്ചിരിച്ചു.

ആ ചിരി കണ്ട് കുഞ്ഞിരാമൻനായർ വീണ്ടും ജരാസന്ധനെ കെട്ടിപ്പിടിക്കാനും നമസ്കരിക്കാനുമൊക്കെ പോവുകയാണെന്നു തോന്നിയപ്പോൾ വേദിയുടെ പിൻനിരയിൽ ഇരിക്കുകയായിരുന്ന സി. പി. ശ്രീധരൻ അരുതെന്ന് കൈകൊണ്ട് ആംഗ്യം കാണിച്ചു.

കവി അത് കണ്ടില്ല. ശ്രീധരൻ എഴുന്നേറ്റു. അതുതന്നെ തടയാനാണെന്നുതോന്നിയപ്പോൾ കുഞ്ഞിരാമൻ നായരുടെ മട്ടുമാറി. അദ്ദേഹം ശ്രീധരന്റെ നേരെ തിരിഞ്ഞു:

"എന്നെ അവമാനിക്കരുത്."

കുഞ്ഞിരാമൻനായർ പിണങ്ങി. പ്രസംഗവേദിയാണെന്ന കാര്യമൊക്കെ വിട്ട് അദ്ദേഹം ശ്രീധരനോട് പിണക്കം പറഞ്ഞുതുടങ്ങി:

"ആള്കളെ ക്ഷണിച്ചുവരുത്തി അവമാനിക്ക്യാ? അല്ലേങ്കിലും കുഞ്ഞിരാമൻ നായരോട് എന്തും ആവാം; ല്ലേ?"

എല്ലാം ഉച്ചഭാഷിണിയിലൂടെ കേൾക്കാം!

പ്രസംഗവേദിയിലുള്ളവരും സദസ്സും വിഷമിച്ചു. നേരം വൈകുന്നുവെന്ന് ഓർമ്മിപ്പിക്കാനേ താൻ ഉദ്ദേശിച്ചിരുന്നുള്ളൂവെന്ന് സി. പി. ശ്രീധരൻ പറഞ്ഞുനോക്കി. അതൊന്നും കവിയുടെ കാതിൽ കേറിയില്ല. അദ്ദേഹം കരഞ്ഞുപോവും എന്നു തോന്നി.

അദ്ധ്യക്ഷൻ പ്രൊഫ. അഴീക്കോട് ഇടപെട്ടു.

അദ്ദേഹം കുഞ്ഞിരാമൻനായരെ തടഞ്ഞുകൊണ്ടു പറഞ്ഞു:

"കുഞ്ഞിരാമൻ നായർ പ്രസംഗം തുടരണം."

കവി അദ്ധ്യക്ഷനോട്ട് പരാതി പറയാനാഞ്ഞു.

സൗഹൃദത്തിന്റെ അധികാരമുപയോഗിച്ചു പ്രൊഫ. അഴീക്കോട് ശബ്ദമുയർത്തിപ്പറഞ്ഞു:

"കുഞ്ഞിരാമൻനായരോട് ഞാനാണ് പറയുന്നത്."

കവി അടങ്ങി. ഉടനെ ബാലസഹജമായ നിഷ്കളങ്കതയോടെ അദ്ദേഹം ചോദിക്കുന്നതു കേട്ടു:

"എന്താ ശ്രീധരൻ എന്നെ അപമാനിക്കാൻ?"

ശ്രീധരൻ വീണ്ടും എഴുന്നേറ്റു:

"ഞാൻ അങ്ങനെ വിചാരിച്ചിട്ടുപോലുമില്ല."

കവി കണ്ണടയ്ക്കു മുകളിലൂടെ ഒളികണ്ണിട്ടു ശ്രീധരനെ നോക്കി:

"ഇല്ലേ?"

"ഇല്ല."

കവിയുടെ സന്തോഷം പറയണ്ട.

"എന്നാ കൈ കൊടുക്കി."

സി. പി. ശ്രീധരൻ ചിരിച്ചുകൊണ്ടു കൈകൊടുത്തു. കവി ശ്രീധരനെ ആശ്ലേഷിച്ചു. കരയുന്ന കുട്ടി പെട്ടെന്നു കളിപ്പാട്ടം തെളിയും പോലെ, നിമിഷം കൊണ്ട് പിണക്കം മറന്ന് കവി ചിരിച്ചു.

പ്രൊഫ. അഴിക്കോടിന്റെ ചിരി, അദ്ധ്യക്ഷഗൗരവത്തിന്റെ എല്ലാതോടുകളും പൊട്ടിച്ചു പുറത്തുവന്നു. ജരാസന്ധൻ വിടർന്ന ചിരിയോടെ കവിയെ കണ്ണെടുക്കാതെ നോക്കിയിരിക്കുകയാണ്.

സദസ്സിന്റെ കൈയടി ഏറെനേരം നീണ്ടു നിന്നു.

അതിനിടയിൽ, ഇക്കഴിഞ്ഞതൊക്കെ മറന്ന് കുഞ്ഞിരാമൻനായർ മൈക്കിനടുത്തേക്കു നീങ്ങി. നിലാവിലൂടെ മുലപ്പാലു ചുരത്തുന്ന പ്രകൃതിയും ഭാവനയുടെ വിളക്കു തെളിയിക്കുന്ന സാംസ്കാരികാന്തരീക്ഷവും നിറഞ്ഞ കവിയുടെ ലോകം രൂപകചിത്രങ്ങളുടെ തെളിനീരൊഴുക്കിൽ നിന്ന് വാറ്റിയെടുത്ത ആ അരുമശൈലിയിൽ വാർന്നു വീഴുകയായി...

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014